നേമം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ

245(3131) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്നും ആയതിന്റെ ഓരോന്നിന്റേയും പുരോഗതിയും വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് 14-7-2009-ലെ സ.ഉ.(സാധാ)നമ്പർ 1044/2009/പൊ.മ.വ. പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 22-12-2014-ന് ഉഭയകക്ഷി സമ്മതപ്രകാരം തീരുമാനമാവുകയും സ്ഥലത്തിന്റെ വില നിശ്ചയിച്ച് റവന്യൂ വകുപ്പിൽനിന്നും 18-6-2015-ലെ സ.ഉ.(സാധാ)നമ്പർ 3121/2015/റവ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മുപാലം പാലം നിർമ്മിക്കുന്നതിന് 30-5-2013-ലെ സ.ഉ.(സാധാ)നമ്പർ 773/2013/പൊ.മ.വ. പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളത്തുകടവ് പാലം നിർമ്മിക്കുന്നതിന് 14-8-2009-ലെ സ.ഉ.(സാധാ) നമ്പർ 1185/09/ പൊ.മ.വ. പ്രകാരം 850 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് തിരുവല്ലം മണക്കാട് വില്ലേജുകളിലായി 244.45 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നു ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുടവൻമുഗൾ പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പനത്തുറ പാലത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. തിരുവല്ലം ഇടയാർ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിസൈൻ തയ്യാറാക്കിവരുന്നു. കീഴാറന്നൂർ പാലം, മാങ്കോട്ടുകടവ് പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly